(എ) കൊടുങ്ങല്ലൂരിൽ ഏതെങ്കിലും ഫിഷറീസ് റോഡുകൾക്ക് ഈ സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം റോഡുകൾക്കാണെന്ന് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ഫിഷറീസ് റോഡുകൾ നവീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(ഡി) നബാർഡ് സഹായത്തോടെ കൊടുങ്ങല്ലൂരിൽ റോഡുകൾ നവീകരിക്കാൻ ഉദ്ദേശമുണ്ടോ, ഉണ്ടെങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) & (ഡി) വള്ളിവട്ടം അഞ്ചങ്ങാടി റോഡ് നവീകരിക്കുന്നതിന് 46,60,000 രൂപയുടെ എസ്റ്റിമേറ്റ് നബാർഡിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

പുതിയകടവിൽ ഫിഷറീസ് റോഡ് നിർമ്മിക്കുന്നതിന് നടപടികൾ

101 [3356] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുതിയകടവിൽ ഫിഷറീസ് റോഡ് നിർമ്മിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പ്രവൃത്തിക്കുവേണ്ടിയുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 13 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഉൾപ്പെടുന്ന പ്രൊപ്പോസൽ നബാർഡിന്റെ ധനസഹായത്തിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 105 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തിയും 105 മീറ്റർ നീളത്തിലും 4 മീറ്റർ വീതിയിലും മെറ്റലിംഗ്, 3.6 മീറ്റർ വീതിയിൽ ടാറിംഗ് തുടങ്ങിയ 13 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

(സി) ധനസഹായം ലഭിച്ചാലേ ഭരണാനുമതി നൽകാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly